**പതിനഞ്ചാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3969 — 03.03.2023 ൽ മറുപടിക്ക്

**മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ സൗകര്യങ്ങൾ**

| ചോദ്യം<br>ശ്രീ എ കെ എം അഷ്റഫ് | | ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രി അപ്ഗ്രേഡ് ചെയ്തത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ ലഭ്യമാക്കുമോ; | (എ) | 23.01.2018 ലെ സ.ഉ(സാധാ) നം.258/2018/ആ.കു.വ പ്രകാരം മംഗൽപാടി സാമൂഹികാരോഗ്യകേന്ദ്രത്തെ താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തിയതിന് ശേഷം പ്രസ്തുത ആശുപത്രിയിൽ അധികമായി ഉണ്ടായ സൗകര്യങ്ങളും സേവനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തിയതിന് ശേഷം പ്രസ്തുത ആശുപത്രിയിൽ അധികമായി ഉണ്ടായ സൗകര്യങ്ങളും സേവനങ്ങളും ചുവടെ ചേർക്കുന്നു.<br>• 24 കിടക്കകളോടുകൂടിയ IP വാർഡ് ആരംഭിച്ചു.<br>• 12 മെഷീനോടുകൂടി ഡയാലിസിസ് സെന്റർ ആരംഭിച്ചു.<br>• എല്ലാ ദിവസവും പ്രവർത്തിക്കുന്ന എൻ.സി.ഡി ക്ലിനിക്കിന്റെ പ്രവർത്തനം തുടങ്ങി.<br>• ഐ.സി.റ്റി.സിയുടെ പ്രവർത്തനം ആരംഭിച്ചു.<br>• അഡോളസെന്റ് കൗൺസലിംഗ് സെന്റർ പ്രവർത്തനം തുടങ്ങി<br>• മൈനർ ഓപ്പറേഷൻ തീയറ്റർ പ്രവർത്തനം തുടങ്ങി<br>• ഫാർമസിയുടെ പ്രവർത്തനം വൈകുന്നേരം 06 മണിവരെ ദീർഘിപ്പിച്ചു.<br>• രാത്രികാല ഒ പി യുടെ പ്രവർത്തനം തുടങ്ങി<br>• ലാബിൽ HBAIX, CRP Turbidometry RA, Widel RFT, LFT, Lipid Profile Electrolyte എന്നീ പുതിയ ടെസ്റ്റുകൾ അധികമായി ചെയ്യുവാൻ തുടങ്ങി.<br>• അനുയാത്രാ പ്രോഗ്രാം ആരംഭിച്ചു.<br>• കിഫ്ബി സഹായത്തോടെ കെട്ടിടം പണിയുന്നതിന് 13.74 കോടി രൂപയുടെ ധനാനുമതി ലഭ്യമായിട്ടുണ്ട്. |
| (സി) | പ്രസ്തുത ആശുപത്രിയിൽ നിലവിലുള്ള തസ്തികകളുടെ വിശദവിവരം ലഭ്യമാക്കുമോ; ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്ന് | (സി) | പ്രസ്തുത ആശുപത്രിയിൽ നിലവിലുള്ള തസ്തികകളുടെയും ഒഴിവുകളുടെയും വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | വിശദമാക്കുമോ; | | |
| (ഡി) | ഈ ആശുപത്രിയിലെ താൽക്കാലിക ജീവനക്കാരുടെ വിശദവിവരം ലഭ്യമാക്കമോ; ഇവർക്ക് ശമ്പളം നൽകുന്നത് എങ്ങിനെയാണെന്ന് വിശദമാക്കുമോ; | (ഡി) | ഈ ആശുപത്രിയിലെ താൽക്കാലിക ജീവനക്കാരുടെ വിശദാംശം അനുബന്ധം III ആയി ചേർക്കുന്നു.<br>ജീവനക്കാരെ നിയമിച്ചിട്ടുള്ള വിഭാഗങ്ങൾ അതാത് ഫണ്ടിൽ നിന്നാണ് ഈ ജീവനക്കാർക്ക് ശമ്പളം നൽകി വരുന്നത്. Adhoc ജീവനക്കാർക്ക് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നാണ് ശമ്പളം നൽകുന്നത്. |
| (ഇ) | പ്രസ്തുത ആശുപത്രിയിലെ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ സേവനങ്ങളുടെയും ചികിത്സ സൗകര്യങ്ങളുടെയും വിശദവിവരം ലഭ്യമാക്കുമോ; | (ഇ)<br>&<br>(എഫ്)<br>&<br>(ജി) | 24 മണിക്കൂർ കാഷ്വാലിറ്റി വിഭാഗം, 24 മണിക്കൂർ കിടത്തി ചികിത്സ, ഡയാലിസിസ് യൂണിറ്റ്, ലബോറട്ടറി സേവനങ്ങൾ, കണ്ണ് പരിശോധന വിഭാഗം, ഫാർമസി, ഇ.സി.ജി, പാലിയേറ്റീവ് സേവനങ്ങൾ, പബ്ലിക് ഹെൽത്ത് നഴ്സ് സേവനങ്ങൾ, പ്രതിരോധ കുത്തിവെയ്പ് ഫിസിയോതെറാപ്പി സേവനങ്ങൾ, മോർച്ചറി സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നു. രോഗ നിർണ്ണയത്തിനായി ലബോറട്ടറി വിഭാഗവും ഇ.സി.ജി യൂണിറ്റും പ്രവർത്തിക്കുന്നു. X-Ray മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സ്വീകരിച്ചുവരുന്നു.<br>ആർദ്രം പദ്ധതി മാനദണ്ഡപ്രകാരം ആവശ്യമായ സൗകര്യങ്ങൾ മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നുണ്ട്. |
| (എഫ്) | ആശുപത്രിയിൽ പൊതുജനങ്ങൾക്കായി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന ചികിത്സ സൗകര്യങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ; | | |
| (ജി) | രോഗനിർണ്ണയത്തിനായി പ്രസ്തുത ആശുപത്രിയിൽ എന്തൊക്കെ സംവിധാനങ്ങൾ ആണ് ഉള്ളതെന്നും താലൂക്ക് ആസ്ഥാന ആശുപത്രിയെന്ന നിലയിൽ ഇതിനായി എന്തൊക്കെ അധിക സൗകര്യങ്ങളാണ് ഏർപ്പെടുത്തേണ്ടത് എന്നും വിശദമാക്കുമോ; മതിയായ ചികിത്സ സൗകര്യമില്ലാത്ത പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഈ ആശുപത്രിയിൽ കൂടുതൽ ചികിത്സ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | |

Hari

സെക്ഷൻ ഓഫീസർ

3969 Annex II

അനുബന്ധം - I

# കേരള സർക്കാർ

(സംഗ്രഹം)

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - പുതിയതായി രൂപീകരിച്ച താലൂക്കുകളിൽപ്പെട്ട സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്

സ.ഉ.(സാധാ)നം.258/2018/ആ.കു.വ. തിരുവനന്തപുരം, തീയതി, 23.01.2018

പരാമർശം : ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പി.എൽ.ബി1.83317/2017/ആ.വ.ഡ തീയതി 09.01.2018

## ഉത്തരവ്

പുതിയതായി രൂപീകരിച്ച താലൂക്കുകളിൽപ്പെട്ട തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് സാമൂഹികാരോഗ്യ കേന്ദ്രം, കൊല്ലം ജില്ലയിലെ പത്തനാപുരം സാമൂഹികാരോഗ്യ കേന്ദ്രം, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സാമൂഹികാരോഗ്യ കേന്ദ്രം, കാസർഗോഡ് ജില്ലയിലെ പനത്തടി, മംഗൾപ്പാടി, ബദിയടുക്ക എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ താലൂക്ക് ആസ്ഥാന ആശുപത്രികളാക്കി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രാജീവ് സദാനന്ദൻ**
അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം, കൊല്ലം, മലപ്പുറം, കാസർഗോഡ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Hari
സെക്ഷൻ ഓഫീസർ

(അനുബന്ധം - 2)

## Taluk Head Quarters Hospital Staff Strength And Vaccancy Position

| Slno: | Name of Post | Sanctioned Post | Inpostion | Vaccancy |
|---|---|---|---|---|
| 1) | Assistant Director | 1 | 1 | 0 |
| 2) | Assistant Surgon | 3 | 2 | 1 |
| 3) | CMO | 4 | 3 | 1 |
| 4) | Jr Consultant General Medicine | 1 | 1 | 0 |
| 5) | Clerk | 3 | 3 | 0 |
| 6) | Driver | 1 | 1 | 0 |
| 7) | Health Inspector | 1 | 1 | 0 |
| 8) | Hospital Attendant Gr I | 2 | 2 | 0 |
| 9) | Hospital Attendant Gr II | 3 | 3 | 0 |
| 10) | Junior Health Inspector Gr I | 2 | 1 | 1 |
| 11) | Junior Health Inspector Gr II | 3 | 3 | 0 |
| 13) | Junior Public Health Nurse | 6 | 5 | 1 |
| 14) | Laboratory Technician | 2 | 2 | 0 |
| 15) | Public Health Nurse | 2 | 2 | 0 |
| 16) | Nursing Assistant | 3 | 3 | 0 |
| 17) | Office Attendant | 1 | 1 | 0 |
| 18) | Opthalmic Assistant | 1 | 1 | 0 |
| 19) | Pharamcist | 2 | 2 | 0 |
| 20) | Staff Nurse | 14 | 12 | 2 |

Hari
സെക്ഷൻ ഓഫീസർ

(അനുബന്ധം -3)

# Taluk Head Quarters Hospital Temporay Staff Details

| Sl no | Name of Post | NHM | HMC | ADHOC | LSGD | ICTC | TOTAL |
|---|---|---|---|---|---|---|---|
| 1) | Assistant Surgeon | | | 1 | | | 1 |
| 2) | Pharmacist | 1 | 1 | | 1 | | 3 |
| 3) | Lab Technician | 1 | 1 | | 1 | 1 | 4 |
| 4) | DEO | | 2 | | | | 2 |
| 5) | Staff nurse | 2 | | 2 | | | 4 |
| 6) | Driver/Security | | | | 2 | | 2 |
| 7) | OP writer | | 1 | | | | 1 |
| 8) | Dialysis Technician | | | | 7 | | 7 |
| 9) | Dialysis Cleaning Staff | | | | 3 | | 3 |
| 10) | Physiotherapist | 1 | | | | | 1 |
| 11) | Palliative Nurse | 1 | | | 1 | | 2 |
| 13) | PRO | 1 | | | | | 1 |
| 14) | ICTC Counsellor | | | | | 1 | 1 |
| 15) | Adolasent consellor | 1 | | | | | 1 |
| 16 | RBSK Nurse | 2 | | | | | 2 |
| 17) | MLSP | 1 | | | | | 1 |

Hari
നഴ്സിംഗ് ഓഫീസർ